# ഭാവികാല ക്രിയകൾ-2

ഭാവികാലക്രിയയിലെ നസ്വറ (نَصَرَ) പാറ്റേൺ ആയിരുന്നു കഴിഞ്ഞ പാഠത്തിൽ നാം മനസ്സിലാക്കിയത് (يَنْصُرُ-نَصَرَ) ഈ ലക്കത്തിൽ മറ്റു പാറ്റേണുകൾ ഏതൊക്കെയെന്ന് നോക്കാം.

**രണ്ടാമത്തെ പാറ്റേൺ**

فَتَحَ-يَفْتَحُ തുറന്നു,തുറക്കുക എന്ന് വാക്കർഥം. അതായത് مضارع ആകുമ്പോൾ ماضى യിലെ രണ്ടാമത്തെ അടിസ്ഥാനാക്ഷരമായ ت ക്ക് അകാരമാണ്; അഥവാ فَتْحَة

മറ്റു ഉദാഹരണങ്ങൾ

جَمَعَ-يَجْمَعُ ഒരുമിച്ചുകൂട്ടുക

ذَهَبَ-يَذْهَبُ പോകുക. جَعَلَ-يَجْعَلُ ഉണ്ടാക്കുക, നിർമിക്കുക قَطَعَ-يَقْطَعُ മുറിക്കുക, വിഛേദിക്കുക

ഇതിന് قَطَعَ പാറ്റേൺ എന്ന് പേരിടാം.

**മൂന്നാമത്തെ പാറ്റേൺ**

ضَرَبَ-يَضْرِبُ അടിക്കുക, ഉദാഹരിക്കുക എന്നർഥം. ഇതിൽ രണ്ടാമത്തെ അടിസ്ഥാനാക്ഷരമായ റ (ر) ക്ക് مضارع ൽ ഇകാരം അഥവാ كَسْرَة ആണെന്ന് കാണാം. മറ്റൊരു ഉദാഹരണം:

جَلَسَ-يَجْلِسُ ഇരിക്കുക. കൂടാതെ താഴെ കൊടുത്തവയും ഈ പാറ്റേണിന് ഉദാഹരണങ്ങളാണ്.

جَلَدَ-يَجْلِدُ- അടിക്കുക, പ്രഹരിക്കുക

حَمَلَ-يَحْمِلُ- വഹിക്കുക, ഉയർത്തുക, പൊക്കുക, ഗർഭം ധരിക്കുക

سَفَكَ-يَسْفِكُ- രക്തം ചിന്തുക

ഇതിനെ ضَرَبَ പാറ്റേൺ എന്നു വിളിക്കാം

**നാലാമത്തെ പാറ്റേൺ**

കഴിഞ്ഞ മൂന്നു പാറ്റേണിലും ഭൂതകാലക്രിയയിൽ അടിസ്ഥാനാക്ഷരങ്ങൾ മൂന്നിനും അകാരം (فَتْحَة) ആയിരുന്നു. مُضَارِع രൂപത്തിൽ/രണ്ടാമത്തെ അടിസ്ഥാനാക്ഷരത്തിന് ഉകാരം, അകാരം, ഇകാരം എന്നീ മാറ്റങ്ങൾ വന്നതായും നാം കണ്ടു.

എന്നാൽ നാലാമത്തെ പാറ്റേണിൽ ഭൂതകാലക്രിയയിൽ രണ്ടാമത്തെ അടിസ്ഥാനാക്ഷരത്തിന് (عين الفعل) ഇകാരമാണ്. مُضَارِع രൂപത്തിലാകട്ടെ ആ സ്ഥാനത്ത് അകാരമായി മാറുന്നു.

ഉദാഹരണം

1. سَمِعَ-يَسْمَعُ-കേൾക്കുക, ശ്രദ്ധിക്കുക
2. حَمِدَ-يَحْمَدُ-സ്തുതിക്കുക, പുകഴ്ത്തുക, നന്ദി പറയുക
3. كَرِهَ-يَكْرَهُ-വെറുക്കുക
4. شَرِبَ-يَشْرَبُ-കുടിക്കുക

നാലാം പാറ്റേണിനെ നമുക്ക് سَمِعَ പാറ്റേൺ എന്ന് വിളിക്കാം.

**അഞ്ചാമത്തെ പാറ്റേൺ**

ഇതിൽ രണ്ടാമത്തെ അടിസ്ഥാനാക്ഷരത്തിന് (عين الفعل) ماضى-യിലും مُضَارِع ലും ഉകാരം (ضَمَّة) ആണ്. ഉദാ: حَسُنَ-يَحْسُنُ നന്നാവുക, ഭംഗിയാവുക.

അഞ്ചാമത്തെ പാറ്റേൺ പ്രയോഗത്തിൽ വളരെ കുറവാണെന്ന് ഭാഷാ പണ്ഡിതർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആനിൽ ഈ പാറ്റേണിന് മുകളിൽ പറഞ്ഞ ഒരേയൊരു ഉദാഹരണം മാത്രം.

എന്നാൽ حَسُنَ എന്ന ക്രിയ മൂന്നു തവണ ആവർത്തിച്ചിട്ടുണ്ട്. ആ മൂന്നും ماضى യിൽ മാത്രം. مُضَارِع രൂപത്തിൽ ഉപയോഗിച്ചിട്ടില്ല. ഉദാ:

وَمَن يُطِعِ ٱللَّهَ وَٱلرَّسُولَ فَأُو۟لَٰٓئِكَ مَعَ ٱلَّذِينَ أَنْعَمَ ٱللَّهُ عَلَيْهِم مِّنَ ٱلنَّبِيِّـۧنَ وَٱلصِّدِّيقِينَ وَٱلشُّهَدَآءِ وَٱلصَّٰلِحِينَ ۚ وَحَسُنَ أُو۟لَٰٓئِكَ رَفِيقًا ﴿٦٩﴾

അഞ്ചാമത്തെ പാറ്റേണിന് നമുക്ക് حَسُنَ പാറ്റേൺ എന്ന് പേര് വെക്കാം.

الفعل المضارع-ന്റെ ഒന്ന് മുതൽ അഞ്ച് വരെ പാറ്റേണുകൾക്ക് ഖുർആനിൽ നിന്നുള്ള ഉദാഹരണങ്ങൾ:

| പാറ്റേൺ | الفعل المضارع | الفعل الماضي | ആയത്ത് |
|---|---|---|---|
| 1. نَصَرَ | يَرْزُقُ നൽകുക,ഭക്ഷണം കൊടുക്കുക | رَزَقَ | 2:212 |
| 2. قَطَعَ | يَجْمَعُ ഒരുമിച്ചു കൂട്ടുക, ശേഖരിക്കുക | جَمَعَ | 34:26 |
| 3. ضَرَبَ | يَنْزِلُ ഇറങ്ങുക | نَزَلَ | 34:02/57:04 |
| 4. سَمِعَ | يَشْهَدُ സാക്ഷ്യം വഹിക്കുക, ഹാജറാകുക | شَهِدَ | 63:01 |
| 5. حَسُنَ | يَحْسُنُ നന്നാവുക, ഭംഗിയാവുക | حَسُنَ | 04:69 |

റബ്ബേ, ഞങ്ങളുടെ പഠനവും പ്രവൃത്തിയും ഭംഗിയാവാൻ നീ സഹായിക്കേണമേ, ആമീൻ.